LIBRARY ARCHIVES Kerala Legislative Assembly

അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ കോതായിതോട് പാലം

235 (5320) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന കോതായിതോട് പാലത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 375 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) 12-8-2010-ൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും സാധിക്കാത്തതിന് ഉത്തരവാദികൾ ആരാണെന്നും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ ;

(ഡി) നടപടിക്രമങ്ങളിലെ അനാസ്ഥകൾ കൊണ്ട് അനാവശ്യതെറ്റുകൾ വരുത്തി വിശദീകരണ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കോതായിതോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഇ) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകേണ്ടത് റവന്യൂ വകുപ്പാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗതിയിലാണ്. ആവശ്യമായ ഭൂമി ലഭ്യമായതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

പാലങ്ങളിലെ ടോൾ പിരിവ്

236 (5321) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളിൽ ടോൾ പിരിവിന് അനുമതി നല്കിയവയുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പല പാലങ്ങൾക്കും പിരിച്ചെടുക്കേണ്ട തുകയിൽ കൂടുതൽ പിരിച്ചെടുത്തിട്ടും കരാറുകാർ ടോൾ പിരിവ് തുടരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരാറുകാർ പലപ്പോഴും വാഹനങ്ങളുടെ എണ്ണം കുറച്ചുകാണിച്ചും മറ്റും ടോൾ പിരിവിനുള്ള അടിസ്ഥാന തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങളെ അട്ടിമറിയ്ക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പാലങ്ങളിലെ ടോൾ പിരിവിന് പുനർ അനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനകൾക്ക് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച 13 പാലങ്ങളിൽനിന്നും കേന്ദ്ര സർക്കാർ നിർമ്മിച്ച 3 പാലങ്ങളിൽനിന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർമ്മിച്ച 18 പാലങ്ങളിൽനിന്നും നിലവിൽ ടോൾ പിരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടോൾ പിരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക നിശ്ചയിക്കുന്നത് ട്രാഫിക് സെൻസസിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനനുസരിച്ച് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചാണ് ടോൾ പിരിവിന് കരാർ നൽകുന്നത്.

(ഡി) പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

കുറ്റപ്പുഴ മേൽപ്പാലം

237 (5322) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവല്ല മുനിസിപ്പാലിറ്റിയിലെ കുറ്റപ്പുഴ മേൽപ്പാലം പുനർനിർമ്മിക്കുവാൻ റെയിൽവേയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണെന്നും ഏത് ഉത്തരവ് പ്രകാരമാണെന്നും ഏത് ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഉണ്ടോ എന്നും ഉന്നത ഉദ്യോഗസ്ഥരുടെയോ, സർക്കാരിന്റെയോ അംഗീകാരത്തോടെയാണോ അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly